പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.57 29.05.2019-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ നിലവിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ താഴെ വരുന്ന കുടുംബങ്ങളിലെ രോഗികൾക്ക് നിശ്ചിത രോഗങ്ങൾക്ക് കാരുണ്യ ബനവലൻറ്ഫണ്ട് പദ്ധതിയിൽ നിന്നും ചികിത്സാസഹായം നൽകുന്നുണ്ട്. വൃക്ക രോഗങ്ങൾക്ക് 3 ലക്ഷം രൂപവരെയും, ഹീമോഫീലിയക്ക് വരുമാനം പരിഗണി യ്ക്കാതെ തുക പരിധിയില്ലാതെയും മറ്റ് നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപ വരെയും എ.പി.എൽ/ബി.പി.എൽ ഭേദമെന്യേ ചികിത്സാധനസഹായം നൽകുന്നു. കൂടാതെ അവയവദാതാവിന് 1 ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്. |
| (ബി) | കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുന്നതിന് വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; പദ്ധതിയിൽ ഈ സർക്കാർ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് | (ബി) | കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുന്നതിന് വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗ ചികിത്സാ സഹായത്തിന് വരുമാന പരിധിയില്ല.ഈ സർക്കാർ, അധികാരത്തിൽ വന്നതിനു ശേഷം വൃക്ക |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | രോഗികൾക്ക് നൽകി വരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ പങ്കാളികളായ ആശുപത്രികൾ ഇപ്പോഴും പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പദ്ധതിയുടെ ആരംഭം മുതൽ വിവിധ കാലയളവിലായി 75 സ്വകാര്യ ആശുപത്രികളും 29 ഡയാലിസിസ് സെൻററുകളും അക്രെഡിറ്റ് ചെയ്തിരുന്നു. കരാർ അവസാനിക്കുന്ന മുറയ്ക്ക് അടുത്ത ഒരു വർഷത്തേക്കാണ് കരാർ പുതുക്കുന്നത്. എന്നാൽ കരാർ പുതുക്കാത്ത കാരണത്താൽ കരാറിൽ ഉണ്ടായിരുന്ന 14 സ്വകാര്യ ആശുപത്രി കൾക്കും 2 സ്വകാര്യ ഡയാലിസിസ് സെൻററു കൾക്കും നിലവിൽ അക്രെഡിറ്റേഷൻ ഇല്ല. നിലവിൽ 61 സ്വകാര്യ ആശുപത്രികളും 27 ഡയാലിസിസ് സെൻററുകളും ഈ പദ്ധതിയുമായി സഹകരിക്കുന്നു. |
| (ഡി) | കാരുണ്യ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്ന തായുള്ള പരാതി പരിഹരി ക്കുവാൻ നടപടി സ്വീകരിക്കുമോ; രോഗികൾക്ക് ചികിത്സ കൃത്യസമയത്ത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടില്ല. രോഗികൾക്ക് ചികിത്സ കൃത്യ സമയത്ത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ